**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4115** **09-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. സുമോദ്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിർദ്ദിഷ്ട തീരദേശ ഹൈവേ യാഥാർത്ഥ്യമാകുന്നതിലൂടെ സംസ്ഥാനത്തെ ഗതാഗത വികസന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 14 മീ. വീതിയിൽ തീരപ്രദേശത്തിലൂടെ കടന്നുപോകുന്ന ഹൈവേ സൈക്കിൾ ട്രാക്കോട് കൂടിയ കേരളത്തിലെ ആദ്യത്തെ ഹൈവേ പദ്ധതിയാണ്. 657 കി.മീ. വരുന്ന ഹൈവേ 9 ജില്ലകളിലെ തീരമേഖലകളിലൂടെ കടന്നു പോകുന്നു. ഈ ഹൈവേ യാഥാർത്ഥ്യമാകുന്നതിലൂടെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിലേക്കു എളുപ്പത്തിൽ എത്തിപ്പെടാൻ സാധിക്കും. ചരക്കു നീക്കവും മൽസ്യബന്ധന വികസനവും പദ്ധതിയുടെ മറ്റൊരു പ്രത്യേകതയാണ്. തീരദേശ ഹൈവേ നിലവിൽ വരുന്നതിലൂടെ ദേശീയ പാതയിലെ തിരക്ക് കുറയ്ക്കുവാനാകും. സൈക്കിൾ ട്രാക്കോട് കൂടിയ തീരദേശ ഹൈവേ വിനോദ സഞ്ചാര മേഖലയെക്കൂടി ലക്ഷ്യം വച്ചാണ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത തീരദേശ ഹൈവേ പദ്ധതിയുടെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഏത് ഏജൻസിയെയാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 14 മീ. വീതിയിൽ തീരപ്രദേശത്തിലൂടെ കടന്നുപോകുന്ന ഹൈവേ സൈക്കിൾ ട്രാക്കോട് കൂടിയ കേരളത്തിലെ ആദ്യത്തെ ഹൈവേ പദ്ധതിയാണ്. 657 കി.മീ. വരുന്ന ഹൈവേ 9 ജില്ലകളിലെ തീരമേഖലകളിലൂടെ കടന്നു പോകുന്നു. ഈ ഹൈവേ യാഥാർത്ഥ്യമാകുന്നതിലൂടെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിലേക്കു എളുപ്പത്തിൽ എത്തിപ്പെടാൻ സാധിക്കും. ചരക്കു നീക്കവും മൽസ്യബന്ധന വികസനവും പദ്ധതിയുടെ മറ്റൊരു പ്രത്യേകതയാണ്. തീരദേശ ഹൈവേ നിലവിൽ |

| | | | |
|---|---|---|---|
| | | | വരുന്നതിലൂടെ ദേശീയ പാതയിലെ തിരക്ക് കുറയ്ക്കുവാനാകും. സൈക്കിൾ ട്രാക്കോട് കൂടിയ തീരദേശ ഹൈവേ വിനോദ സഞ്ചാര മേഖലയെക്കൂടി ലക്ഷ്യം വച്ചാണ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (സി) | പദ്ധതി പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് ഹൈവേ പൂർത്തിയാക്കാൻ പറ്റുമെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങളില്ല. എന്നിരുന്നാലും 14 മീ. RoW വേണമെന്ന കിഫ്ബി മാനദണ്ഡം പാലിക്കേണ്ടതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 6 റീച്ചുകളിൽ കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതും 2 റീച്ചുകളിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. 4 റീച്ചുകളിൽ ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ